# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6990 13.07.2012 -ൽ മറുപടിക്ക്**

## അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നുള്ള ചികിത്സാ സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും മതിയായ ചികിത്സാ സഹായം ലഭിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇ.എസ്.ഐ. ആശുപത്രികളിൽ വേണ്ടത്ര ഡോക്ടർമാരോ ആവശ്യമായ മരുന്നുകളോ ലഭ്യമല്ലാത്തതിനാൽ രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ അറിവിലുണ്ടോ; എങ്കിൽ എന്തു പരിഹാര നടപടി കൈക്കൊണ്ടിട്ടുണ്ട്; | (ബി) ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ആശുപത്രികളിലും ആവശ്യമായ മരുന്നുകളെല്ലാം തന്നെ ഇപ്പോൾ ലഭ്യമാണ്. ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പിൽ ഡോക്ടർമാരുടെ അഭാവം മൂലം, ബുദ്ധിമുട്ടുകൾ ഉണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്ത 299 ഡോക്ടർമാരിൽ , 34 പേർ മാത്രമാണ് ജോലിയിൽ പ്രവേശിച്ചത്. പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോഴും ഡോക്ടർമാർ ജോലിയിൽ പ്രവേശിക്കുവാൻ തയ്യാറാകാത്ത സാഹചര്യത്തിൽ, പ്രസ്തുത ഒഴിവുകളിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്താറുണ്ട്. |
| (സി) സർക്കാരിൽ നിന്നും ലഭിക്കേണ്ട കുടിശ്ശിക താങ്ങാനാവാത്തതിനാൽ പല സ്വകാര്യ ആശുപത്രികളിലും ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും അയയ്ക്കുന്ന രോഗികൾക്ക് ചികിത്സ നൽകാൻ വിമുഖത കാണിക്കുന്ന വിവരം പരിശോധിച്ചിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) സ്വകാര്യ ആശുപത്രികളും സർക്കാരും തമ്മിലുണ്ടാക്കിയിട്ടുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ഡി) സ്വകാര്യ ആശുപത്രികളും ഇ.എസ്.ഐ. കോർപ്പറേഷനും തമ്മിലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. കരാറിന്റെ മാതൃക ഉള്ളടക്കം ചെയ്യുന്നു. |

| | |
|---|---|
| (ഇ) പ്രസ്തുത കരാർ പുതുക്കി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ ? | (ഇ) 2 വർഷത്തേയ്ക്കാണ് കരാറിൽ ഏർപ്പെടുന്നത്. കാലാവധി തീരുന്ന മുറയ്ക്ക് ആശുപത്രികളെ അറിയിക്കാറുണ്ട്. അതുപ്രകാരം, താൽപര്യമുള്ള ആശുപത്രികൾക്ക് കരാർ പുതുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**